**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2286** **06-07-2022 - ൽ മറുപടിയ്ക്ക്**

**ലൈഫ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ലൈഫ് പദ്ധതി ആരംഭിച്ചത് എന്ന് മുതലാണെന്നും പദ്ധതിയുടെ ആദ്യ പട്ടിക പ്രസിദ്ധീകരിച്ച തീയതി എന്നാണെന്നും അറിയിക്കാമോ; | (എ) | സംസ്ഥാനത്ത് 2016-ലാണ് ലൈഫ് പദ്ധതി ആരംഭിച്ചത്. 2017 ഡിസംബർ 31-നാണ് ഭൂമിയുള്ള ഭവന രഹിതരായ ഗുണഭോക്താക്കളുടെ ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിച്ചത്. |
| (ബി) | ആദ്യ ഘട്ടത്തിൽ എത്ര വീടുകൾ നിർമ്മിക്കുന്നതിനാണ് അംഗീകാരം നൽകിയിരുന്നതെന്ന് നിയോജകമണ്ഡലം അടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കുമോ; | (ബി) | സംസ്ഥാനത്ത് വിവിധ വകുപ്പുകൾ മുഖേന നിർമ്മാണം ആരംഭിച്ച വീടുകളിൽ നിർമ്മാണം പൂർത്തീകരിക്കാതെ അവശേഷിച്ചിരുന്ന വീടുകളുടെ പൂർത്തീകരണമാണ് ലൈഫ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയുടെ ഒന്നാം ഘട്ടമായ പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിലൂടെ ഏറ്റെടുത്തത്. കൂടാതെ 2017-ൽ തയ്യാറാക്കിയ ലൈഫ് രണ്ടാം ഘട്ടമായ ഭൂമിയുള്ള ഭവനരഹിതർ, മൂന്നാം ഘട്ടമായ ഭൂരഹിത ഭവനരഹിതരിൽ നിന്നും ഭൂമിയാർജ്ജിച്ച ഗുണഭോക്താക്കൾ, പട്ടിക ജാതി/ പട്ടികവർഗ്ഗ/ ഫിഷറീസ് അഡീഷണൽ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും ഭവന നിർമ്മാണാനുകൂല്യം നൽകുന്നതിനാണ് അംഗീകാരം നൽകിയിരുന്നത്. ടി ഗുണഭോക്താക്കളുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധം 1,2,3,4,5 ആയി ചേർക്കുന്നു. |
| (സി) | ആദ്യഘട്ടത്തിൽ നിർമ്മിക്കുന്നതിനായി അംഗീകാരം നൽകിയിരുന്ന മുഴുവൻ വീടുകളുടെയും നിർമ്മാണം ഇതിനോടകം പൂർത്തിയാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എത്ര എണ്ണമാണ് ഇനിയും പൂർത്തിയാക്കാൻ ബാക്കിയുള്ളതെന്ന് നിയോജകമണ്ഡലം അടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കുമോ; | (സി) | 2017-ൽ തയ്യാറാക്കിയ ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും ആവശ്യമായ രേഖകൾ സഹിതം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിലേർപ്പെടുന്നതിനും ഭവന നിർമ്മാണാനുകൂല്യം നൽകുന്നതിനുമാണ് ആദ്യഘട്ടത്തിൽ ലക്ഷ്യമിട്ടിരുന്നത്. അതിൻപ്രകാരം രേഖകൾ ഹാജരാക്കിയ എല്ലാ ഗുണഭോക്താക്കൾക്കും ഭവന നിർമ്മാണാനുകൂല്യം ലഭ്യമാക്കുകയും ഗുണഭോക്താക്കൾ ഭവന നിർമ്മാണം |

| | | | |
|---|---|---|---|
| | | | പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ടി സമയത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിലേർപ്പെടാൻ സാധിക്കാതിരുന്ന ഗുണഭോക്താക്കൾ രേഖകൾ ഹാജരാക്കുകയും ഭവന നിർമ്മാണാനുകൂല്യം കൈപ്പറ്റി ഭവന നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ 2017-ൽ തയ്യാറാക്കിയ ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാനാകാതെപോയ പട്ടിക ജാതി/ പട്ടികവർഗ്ഗ/ ഫിഷറീസ് വിഭാഗത്തിൽപ്പെട്ട ഗുണഭോക്തൃ കുടുംബങ്ങളുടെ പട്ടിക ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ശേഖരിച്ച് അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും വീട് നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. അതുകൊണ്ട് തന്നെ ലൈഫ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ ഒരു നിശ്ചിത എണ്ണം ഗുണഭോക്താക്കൾക്ക് ഭവനം ലഭ്യമാക്കുന്നതിനുപരി അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും അടച്ചുറപ്പുള്ള ഒരു ഭവനം എന്ന ലക്ഷ്യം കൈവരിക്കുന്നതിനാണ് ലക്ഷ്യമിട്ടത്. |
| (ഡി) | രണ്ടാംഘട്ടത്തിൽ എത്ര വീടുകൾ നിർമ്മിച്ച് നൽകുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്നും അവ എന്നത്തേക്ക് പൂർത്തിയാക്കാനാകുമെന്നുമാണ് സർക്കാർ കരുതുന്നത്; ഇതിലേക്കായുള്ള ലിസ്റ്റ് പ്രസിദ്ധീകരിക്കുകയുണ്ടായോ; എങ്കിൽ പ്രസിദ്ധീകരിച്ച തീയതി അറിയിക്കുമോ? | (ഡി) | ഈ സർക്കാരിന്റെ കാലയളവിൽ 5 വർഷം കൊണ്ട് 5 ലക്ഷം വീടുകൾ നിർമ്മിക്കാനാണ് ലക്ഷ്യമിടുന്നത്.ലൈഫ് 2020 പ്രകാരം ലഭ്യമായ അപേക്ഷകളിന്മേലുള്ള ഫീൽഡുതല പരിശോധനയും പുന:പരിശോധനയും പൂർത്തിയാക്കി കരട് ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിച്ചു. ഒന്നും രണ്ടും അപ്പീലുകൾക്ക് ശേഷം ഗ്രാമസഭ/ വാർഡ്സഭ, ഭരണസമിതി അംഗീകാരത്തോടുകൂടി അന്തിമ ഗുണഭോക്തൃ പട്ടിക 2022 ആഗസ്റ്റ് 16-ന് പ്രസിദ്ധീകരിക്കാനാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ

അനുബന്ധം-1

| Phase1 (പൂർത്തികരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം) | | |
|---|---|---|
| DISTRICT | Identified | Completed |
| Thiruvanathapuram | 6094 | 6050 |
| Kollam | 3662 | 3618 |
| Pathanamthitta | 1195 | 1176 |
| Alappuzha | 2793 | 2728 |
| Kottayam | 1132 | 1102 |
| Idukki | 3181 | 3138 |
| Ernakulam | 1066 | 1059 |
| Thrissur | 3117 | 2997 |
| Palakkad | 8076 | 7628 |
| Malappuram | 2781 | 2735 |
| Kozhikode | 6641 | 6484 |
| Wayanad | 8784 | 8440 |
| Kannur | 2677 | 2645 |
| Kasaragod | 2917 | 2880 |
| TOTAL | 54116 | 52,680 |

അനുബന്ധം 2

| ഭൂമിയുള്ള ഭവന രഹിതരുടെ ഭവന നിർമ്മാണം | | | | |
|---|---|---|---|---|
| DISTRICT | ELIGIBLE | AGREEMENT EXECUTED | COMPLETED | BALANCE TO BE COMPLETED |
| Thiruvanathapuram | 16692 | 15788 | 15321 | 467 |
| Kollam | 8893 | 8696 | 8453 | 243 |
| Pathanamthitta | 2129 | 2105 | 2033 | 72 |
| Alappuzha | 10011 | 9490 | 9296 | 194 |
| Kottayam | 4561 | 4386 | 4268 | 118 |
| Idukki | 12379 | 11356 | 10119 | 1237 |
| Ernakulam | 5845 | 5761 | 5626 | 135 |
| Thrissur | 5569 | 5265 | 5123 | 142 |
| Palakkad | 13664 | 13084 | 12562 | 522 |
| Malappuram | 6911 | 6664 | 6470 | 194 |
| Kozhikode | 5226 | 5226 | 5059 | 167 |
| Wayanad | 7329 | 4124 | 3907 | 217 |
| Kannur | 2582 | 2526 | 2487 | 39 |
| Kasaragod | 3744 | 3644 | 3544 | 100 |
| TOTAL | 105535 | 98,115 | 94,268 | 3,847 |

അനുബന്ധം-3

| ഭൂരഹിത ഭവനരഹിതരുടെ( പുന:രധിവാസം) | | | | | |
|---|---|---|---|---|---|
| **DISTRICT** | **ELIGIBLE** | **LAND ACCRUED** | **AGREEMENT EXECUTED FOR HOUSE CONSTRUCTION** | **COMPLETED** | **BALANCE TO BE COMPLETED** |
| **Thiruvanathapuram** | 22082 | 1677 | 1336 | 808 | 528 |
| **Kollam** | 18668 | 4829 | 4041 | 2357 | 1684 |
| **Pathanamthitta** | 2646 | 1064 | 988 | 631 | 357 |
| **Alappuzha** | 7785 | 1626 | 1266 | 715 | 551 |
| **Kottayam** | 7261 | 2047 | 2019 | 1626 | 393 |
| **Idukki** | 11233 | 1743 | 1621 | 1065 | 556 |
| **Ernakulam** | 17572 | 1921 | 1921 | 1513 | 408 |
| **Thrissur** | 12491 | 2402 | 1973 | 1419 | 554 |
| **Palakkad** | 13589 | 1674 | 1690 | 1090 | 600 |
| **Malappuram** | 7866 | 3045 | 2350 | 1411 | 939 |
| **Kozhikode** | 6704 | 675 | 621 | 311 | 310 |
| **Wayanad** | 3383 | 785 | 896 | 608 | 288 |
| **Kannur** | 3148 | 819 | 746 | 612 | 134 |
| **Kasaragod** | 3587 | 994 | 918 | 724 | 194 |
| **TOTAL** | **138015** | **25301** | **22386** | **14890** | **7496** |

അനുബന്ധം -4

| Additional list- landless(ഭൂരഹിത ഭവനരഹിതരുടെ( പുനരധിവാസം) | | | | | |
|---|---|---|---|---|---|
| DISTRICT | ELIGIBLE | LAND ACCRUED | AGREEMENT EXECUTED FOR HOUSE CONSTRUCTION | COMPLETED | BALANCE TO BE COMPLETED |
| **Thiruvanathapuram** | 3869 | 20 | 0 | 0 | 0 |
| **Kollam** | 3220 | 57 | 48 | 7 | 41 |
| **Pathanamthitta** | 931 | 126 | 89 | 9 | 80 |
| **Alappuzha** | 1762 | 0 | 0 | 0 | 0 |
| **Kottayam** | 1063 | 183 | 0 | 0 | 0 |
| **Idukki** | 662 | 0 | 0 | 0 | 0 |
| **Ernakulam** | 1937 | 0 | 0 | 0 | 0 |
| **Thrissur** | 2662 | 171 | 72 | 24 | 48 |
| **Palakkad** | 1334 | 0 | 0 | 0 | 0 |
| **Malappuram** | 5166 | 0 | 0 | 0 | 0 |
| **Kozhikode** | 1928 | 96 | 96 | 0 | 96 |
| **Wayanad** | 2531 | 0 | 0 | 0 | 0 |
| **Kannur** | 1801 | 26 | 26 | 25 | 1 |
| **Kasaragod** | 1250 | 127 | 0 | 0 | 0 |
| **TOTAL** | **30116** | **806** | **331** | **65** | **266** |

| Additional list ഭൂമിയുള്ള ഭവനരഹിതരുടെ ഭവന നിർമ്മാണം | | | | |
|---|---|---|---|---|
| DISTRICT | ELIGIBLE | AGREEMENT EXECUTED | COMPLETED | BALANCE TO BE COMPLETED |
| Thiruvanathapuram | 3564 | 1761 | 444 | 1317 |
| Kollam | 4781 | 2045 | 671 | 1374 |
| Pathanamthitta | 2313 | 1445 | 571 | 874 |
| Alappuzha | 3497 | 2077 | 1139 | 938 |
| Kottayam | 1507 | 1251 | 667 | 584 |
| Idukki | 3297 | 2157 | 441 | 1716 |
| Ernakulam | 5067 | 2133 | 987 | 1146 |
| Thrissur | 2222 | 1118 | 672 | 446 |
| Palakkad | 4307 | 2823 | 749 | 2074 |
| Malappuram | 8185 | 5268 | 1071 | 4197 |
| Kozhikode | 3473 | 2135 | 850 | 1285 |
| Wayanad | 4061 | 2390 | 612 | 1778 |
| Kannur | 2659 | 1463 | 510 | 953 |
| Kasaragod | 4016 | 1743 | 331 | 1412 |
| TOTAL | 52949 | 29,809 | 9,715 | 20,094 |